"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2026 ആഗസ്റ്റ് 24 മുതൽ ആഗസ്റ്റ് 30 വരെ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ഓണം വാരഘോഷ പരിപാടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്**

സ.ഉ.(സാധാ) നം.1573/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:- 1. 02/07/2026-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.

**ഉത്തരവ്**

2026-ലെ ഓണം വാരാഘോഷം ആഗസ്റ്റ് 24 മുതൽ ആഗസ്റ്റ് 30 വരെ നടത്തുവാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള പ്രധാന റോഡിന്റെ ഇരുവശത്തുമുള്ള എല്ലാ വകുപ്പുകളുടെയും, പ്രധാന പൊതുമേഖല സ്ഥാപനങ്ങളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും തലവന്മാർക്ക് അവരവരുടെ കാര്യാലയങ്ങൾ വൈദ്യുത ദീപങ്ങളാൽ അലങ്കരിക്കുന്നതിന് അവരുടെ തനത് ഫണ്ടിൽ നിന്നും പരമാവധി 2,00,000/-(രണ്ട് ലക്ഷം രൂപ മാത്രം) വരെ ചെലവഴിക്കുന്നതിനും, ഓണാഘോഷ സമാപന ഘോഷയാത്രയിൽ ഫ്ളോട്ടുകൾ അവതരിപ്പിക്കുന്നതിന് എല്ലാ വകുപ്പുകളുടെയും, പ്രധാന പൊതുമേഖല സ്ഥാപനങ്ങളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും തലവന്മാർക്ക് സ്വന്തം ഫണ്ടിൽ നിന്നും പരമാവധി ₹5,00,000/-(അഞ്ചു ലക്ഷം രൂപ മാത്രം)വരെ ചെലവഴിക്കുന്നതിനും ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ആഗസ്റ്റ് 24 മുതൽ ആഗസ്റ്റ് 30 വരെ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ഓണം വാരഘോഷ പരിപാടികൾക്ക് കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള പ്രധാന റോഡിന്റെ ഇരുവശത്തുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുത ദീപങ്ങളാൽ അലങ്കരിക്കുന്നതിന് പരമാവധി 2,00,000/-(രണ്ട് ലക്ഷം രൂപ മാത്രം) വരെയും, ഓണാഘോഷ സമാപന ഘോഷയാത്രയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫ്ളോട്ടുകൾ അവതരിപ്പിക്കുന്നതിന് പരമാവധി ₹5,00,000/-(അഞ്ചു ലക്ഷം രൂപ മാത്രം) വരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഭരണ സമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ആഡിറ്റ്, ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി ആർ ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Assim M S
Date: 21-08-2026
15:55:14

സെക്ഷൻ ഓഫീസർ